# രാമകുമാരൻ അഥവാ ഒരു വിശുദ്ധനായ ബാലൻ

എ ഗോപാലപിള്ള

# രാമകുമാരൻ അഥവാ ഒരു വിശുദ്ധനായ ബാലൻ

## ഏ. ഗോപാലപിള്ള

താളിളക്കം

2020

| | |
|---|---|
| പേര്: | **രാമകുമാരൻ അഥവാ ഒരു വിശുദ്ധനായ ബാലൻ** |
| ഭാഷ | മലയാളം |
| വിഭാഗം: | കഥ |
| രചന: | എ. ഗോപാലപിള്ള |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## മുഖവുര

എൻറെ ആദ്യകൃതിയായ വേദാന്തതത്വമാലികാഗ്രന്ഥത്തെപ്പററയുള്ള മഹാജനങ്ങളുടെ അഭിപ്രായങ്ങങ്ങൾ പുറത്തായതോടുകൂടിത്തന്നെ, പ്രൌഢവിഷയങ്ങൾ മനസ്സിലാകാത്തവരായ കുട്ടികൾക്കു രസിയ്ക്കത്തക്ക ൦ററൊരു പുസ്തകമെഴുതണമെന്ന വിചാരമുണ്ടായി. അത് ഇതിനാൽ സാധ്യമായി. ഇതിലെജീവനായകഥഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസരുടേതാണ്."ഗോപാലൻറെകഥ" എന്നു പേരുള്ള ആ കഥയ്ക്കു യോജിയ്ക്കുന്നതായ അല്പം ചില വ്യത്യാസങ്ങൾ ഇതിൽ ചെയ്തിട്ടില്ലെന്നില്ല. കാലദേശനാമരൂപാദികൾ സൃഷ്ടിച്ച് കഥയെ രൂപപ്പെടുത്തുകയാണ് ഇതിൽ ചെയ്തിരിയ്ക്കുന്നത്. ശ്രീമദ്വിവേകാനന്ദസ്വാമികളാൽ എഴുതപ്പെട്ട "ഗോപാലന്റെകഥ" "പ്രബുദ്ധഭാരത" മെന്ന അദ്വൈതഗ്രന്ഥത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ള പ്രസ്തുതകാലത്തുതന്നെ ഈ "ഗോപാലന്റെകഥ"യും പ്രസിദ്ധം ചെയ്യുവാൻ സംഗതിവന്നതിൽ വലുതായ ചാരിതാർത്ഥ്യമുണ്ട്. ഇതിലെ കഥ സംഭവ്യമാണോ എന്നു സംശയിയ്ക്കുന്നവരുണ്ടെങ്കിൽ അവർ ഈയിടെ കിളിമാനൂർ എന്ന സ്ഥലത്ത് സാധുക്കളായ ഒരു വീട്ടുകാർക്കു ഒരു കിണർ ഉണ്ടായിയെന്നും,സാധുവായ ഒരു ബാലന് വയ്ക്കത്തേതു ക്ഷേത്രത്തിൽവച്ച് പരമേശ്വരൻ പ്രത്യക്ഷമായിയെന്നും മററും കേട്ട വിശേഷങ്ങൾ വാസ്തവമായുള്ളവ തന്നയോ എന്നു പരിശോധിച്ചാൽ കൊള്ളാം. ആ സംഗതികൾ ഇക്കഥയ്ക്ക് സാക്ഷ്യങ്ങളാണ്. കുമാരനു ബോധക്ഷയമുണ്ടായതുമുതൽ ശാരദാദേവി കണ്ടതുവരെ ഭാഗങ്ങളും മററു ചില ഘട്ടങ്ങളും വിസ്തരിയ്ക്കേണ്ടിയിരുന്നുവെന്നു വിചാരിയ്ക്കുന്നവർ ഉണ്ടായേയ്ക്കാം. വിസ്തരിച്ചാൽ വിചാരിച്ചറിയുന്നതുപോലെ ഭംഗിയാകുകയില്ലയെന്നു വിചാരിച്ചാണ് അവ വിസ്തരിയ്ക്കപ്പെടാത്തത്. ഈ പുസ്തകത്തിലെ രാമകുമാരന് ബാലന്മാർക്കു കണ്ടു പഠിയ്ക്കാൻ കൊള്ളാവുന്നതായുള്ള പല സൽഗുണങ്ങളും ഉള്ളതുകൊണ്ട് ചെറിയ കുട്ടികൾക്ക് കുമാരനെ അനുകരിപ്പാൻ സംഗതിയുണ്ടാകുമെങ്കിൽ ഞാൻ കൃത്യകൃത്യനാകും. ഇതിൽ ഇടയ്ക്കിടയ്ക്ക് കുട്ടികളെ സംബോധനം ചെയ്യുന്നതും മററും ആ ഘട്ടങ്ങളിൽ അവരുടെ ശ്രദ്ധ കുറേക്കൂടെ പതിയ്ക്കുന്നതിനുവേണ്ടി മാത്രമാണ്. ഈ കൃത്യത്തിൽലെന്നെ പ്രോത്സാഹിച്ച പല മാന്യന്മാർക്കും എന്റെ ഹൃദയംഗമമായ വന്ദനം പറഞ്ഞുകൊള്ളുന്നു.

തിരുവനന്തപുരം

൧൦൮൬മകരം൨൦൯

ഏ. ഗോപാലപിള്ള.

## രാമകുമാരൻ. അഥവാ ഒരു വിശുദ്ധനായ ബാലൻ

”കുഞ്ഞേ രാമകുമാരാ! നിന്റെ സാധുവായ മാതാവിന്റെ ദയവോടുകൂടിയ വാക്കുകളെ ശ്രദ്ധവച്ചു കേൾക്കുക. നിനക്ക് ഇപ്പോൾ ബാല്യകാലമാണ്; ഇതു് സന്തോഷമായും സമാധാനമായും കഴിച്ചുകൂട്ടാനുള്ള ഒരവസരമാണ്; എങ്കിലും അഹങ്കരിച്ച് കഴിപ്പാനുള്ള ഒരുകാലമല്ല. അഹ ങ്കാരം മനുഷ്യനെ വഴിതെററിക്കുന്നു. നിന്റെ ജീവിതകാ ലം മുഴുവനും നീ ഒരുസാധുവായ ഇടയബാലനാണ് എന്ന സംഗതിയെ ദൃഢമായി സ്മരിച്ചുകൊണ്ടിരുന്നാൽ നിന്നെ അഹങ്കാരം ബാധിയ്ക്കുകയില്ല. അഹങ്കാരിയല്ലാത്ത ഒരു ബാലൻ മാത്രമാണു നല്ലവനായിത്തീരുന്നതു്. വരാൻ പോ കുന്ന ജീവിതകാലം ശ്രേയസ്കരമായിക്കഴിച്ചു കൂട്ടുവാൻ തയ്യാറാകുവാനാണ് ഈ ബാല്യകാലം മനുഷ്യർക്ക് ഇരി ക്കുന്നതു്. അല്ലാതെ ചില കുട്ടികൾ ധരിച്ചിരിക്കുന്നതു പോലെ കളിച്ചുമാത്രം കഴിയ്ക്കുവാനല്ല. പിൽക്കാലത്തിലേ യ്ക്കു് ആവശ്യമുള്ള വിദ്യാഭ്യാസവും സദാചാരങ്ങളും ഈ ശ്വരവിശ്വാസവും ഭക്തിയും ഈ ബാല്യകാലത്തുതന്നെ യാണ് സമ്പാദിക്കേണ്ടതു്. അതിലേയ്ക്കുള്ള ഒരു ഘട്ടം വ ളരെ വിലയേറിയ ഒന്നാണെന്നു മിയ്ക്കപേരും മനസ്സിലാക്കുന്നില്ല. പല്ലക്കുണ്ടാക്കുന്നതിനുള്ള വളഞ്ഞ മുള വേണമെങ്കിൽ മുൻകൂട്ടിതന്നെ കരുതണം. ഇളംമുളയായിരിക്കുമ്പോൾത്തന്നെ സൌകര്യമായവിധം വളച്ചുകെട്ടിയുറപ്പിച്ചുകൊള്ളണം. വലുതാകുമ്പോൾ നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള ഒരു മുറ്റിയ മുളയായിത്തീരും. അതുപോലെ കുട്ടിയായിരിക്കുമ്പോൾത്തന്നെ നല്ലകാര്യങ്ങൾ അഭ്യസിച്ചുകൊണ്ടാൽ വലുതാകുമ്പോൾ ഒരു നല്ലവനായിത്തീരും. ബാല്യം നിലം ഉഴുതു വിത്തിടേണ്ട കാലമാണ്. യൌവ്വനം വിളവുണ്ടായി കൊയ്യുന്ന സമയവും വാർദ്ധക്യം അനുഭവിക്കുന്ന സമയവുമാണ്. വിതക്കാലത്തു മടിയനായിരിക്കുന്ന കൃഷിക്കാരന് കൊയിത്തുകാലത്തു കളകൾ മാത്രമേ കാണുകയുള്ളൂ. അതുപോലെ നമ്മുടെ ബാല്യകാലങ്ങളിൽ വിദ്യകൊണ്ടുഴുതു് ഒരു ശരിയായ സ്വഭാവമിട്ടു കൃഷിചെയ്യാത്തപക്ഷം പില്ക്കാലത്തു് ഒരു നല്ലവനാകാൻ കഴിയുകയില്ല. ബാല്യത്തിൽ ദുസ്സ്വഭാവമാകുന്ന കളകളുള്ള വയൽ പില്ക്കാലത്തു ദുർബുദ്ധിയാകുന്ന തരിശു നിലങ്ങളായി തീർന്നു പോകും. കൃഷിക്കാരൻ കൂടക്കൂടേ കളകളെ പറിച്ചു കളയണം. അതേപോലെ ചീത്തസ്വഭാവമാകുന്ന കളകൾ വന്നു കയറാതേ കുട്ടികൾ കൂടക്കൂടെപ്പരിശോധിയ്ക്കണം. ഉണ്ടെന്നു കാണുന്നപക്ഷം മൂടോടെ പറിച്ചു ദൂരെക്കൊണ്ടുപോയി നശിപ്പിയ്ക്കണം. ഞങ്ങൾ മാതാപിതാക്കന്മാർക്കും ഗുരുക്കന്മാർക്കും ഇതിൽ ചില ചുമതലകളെല്ലാം ഉണ്ടങ്കിലും നിങ്ങൾ കുട്ടികൾ മനപ്പൂർവ്വം ഞങ്ങളെ അനുസരിച്ചെങ്കിൽ മാത്രമേ ഗുണമുള്ളൂ. ശിക്ഷകൊണ്ടുണ്ടാകുന്ന ഗുണം കാകൾ തല്ലിപ്പഴുപ്പിക്കുന്നതുപോലെയാണ്. തല്ലിപ്പഴുപ്പിച്ചാൽ താനെ പഴുക്കുന്നതുപോലെ ശരിയായ സ്വാദുണ്ടാക്കുകയില്ല. വിശേഷിച്ചും തല്ലിയഭാഗങ്ങൾ കല്ലിച്ചിരിക്കും. അതുപോലത

ന്നെ തല്ലുകൊണ്ടു നേരെയാകുന്ന കുട്ടികളുടെ സ്വഭാവവും ശുദ്ധമായിരിക്കുന്നതല്ല. അതിനാൽ നിന്റെ ഈ സമയത്തെ വളരെ സൂക്ഷിച്ചുപയോഗിക്കണം. ഒരു കുട്ടി ബാല്യത്തിലെ സമ്പാദിയ്ക്കേണ്ട പ്രധാനമായ ഒന്ന് ഈശ്വരവിശ്വാസമാണ്. നിന ക്കു ഞാൻ മാതാവായും നാഥയായും ഇരിയ്ക്കുന്നതുപോലെ നിനക്കും എനിയ്ക്കുമായി ഒരു മാതാവുണ്ട്. അതാണ് ഈശ്വരൻ"

മാതാവിന്റെ ഇപ്രകാരമുള്ള ഉപദേശങ്ങൾകേട്ട് രാമകുമാരൻ വളരെ നേരം വിചാ രമഗ്നനായി നിന്നുപോയി. തന്റെ ഉപദേശങ്ങളെപ്പറ്റി പുത്രൻ ചിന്തിയ്ക്കുകയാണു ചെയ്യുന്നതെന്നുള്ള വിവരമറിഞ്ഞ് മാതാവു കുറച്ചുനേരം മൌനമായിരുന്നു. രാമ കുമാരന്റെ മുഖത്ത് ഒടുവിൽ ഒരു പുഞ്ചിരിമാത്രമുണ്ടായി. ഇതു തന്റെ മാതാവിന്റെ വാക്കിനെ നിഷേധിച്ചതായിരിക്കുമോ? ഒരിക്കലുമില്ലാ. രാമകുമാരൻ ആ വിധമു ള്ള ഒരു കുട്ടിയല്ലായിരുന്നു. ഇയാൾ മാതൃഭക്തനായ ഒരു കുട്ടിയാകയാൽ മാതാവി ന്റെ ഉപദേശങ്ങൾ ശരിയായ വിധം ഫലിച്ചു. തന്റെ മാതാവിന്റെ ഉപദേശങ്ങളെ പദംപ്രതി വിചാരിച്ചുറപ്പിയ്ക്കുകയാണ് രാമകുമാരൻ ചെയ്തതു്. കുട്ടികൾ വായിക്കു ന്ന വിഷയങ്ങളെ രണ്ടാമതു വിചാരിച്ചുറപ്പിയ്ക്കുന്നതുപോലെ രാമകുമാരൻ തന്റെ മാ താവിന്റെ വാക്കുകളെ പഠിച്ചുറപ്പിച്ചു. ശ്രദ്ധയുള്ള കുട്ടികൾ രാമകുമാരനെപ്പോലെ തന്നെചെയ്യും. അല്ലയോ വായനക്കാരായ കുട്ടികളെ! നിങ്ങൾ രാമകുമാരനെപ്പറ്റി എന്തു വിചാരിക്കുന്നു? രാമകുമാരൻ വല്ല തെറ്റും ചെയ്തതുകൊണ്ടാണോ അയാളു ടെമാതാവ് ഈവിധം ഉപദേശിച്ചത്? ഒരിക്കലുമില്ല. രാമകുമാരൻ തെറ്റുചെയ്യുന്ന തുതന്നെ അപൂർവ്വമായിരുന്നു. തന്റെ മാതാവ് ഒരിയ്ക്കൽ തെറ്റെന്നു ചൂണ്ടിക്കാണി ച്ചു കൊടുക്കുന്നവകളെ രാമകുമാരൻ ഒരിയ്ക്കലും ചെയ്കയില്ല. അതാണ് അയാളുടെ നിഷ്ഠ. തന്റെ മാതാവിന്റെ സകല ഹിതങ്ങളേയും സാധിച്ചു കൊടുക്കുന്നതിലും അവരെ സന്തോഷിപ്പിക്കുന്നതിലും രാമകുമാരൻ സദാ ജാകരൂകനായിരിയ്ക്കും. നി ങ്ങളിൽ ചിലർ മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും പലപ്പോഴും തെറ്റെന്നു ചൂണ്ടിക്കാണിയ്ക്കുന്നവകളെ രണ്ടാമതും ചെയ്യുന്നവരായേയ്ക്കാം. അതൊരിയ്ക്കലും ചെ യ്യരുത്. അങ്ങിനെചെയ്യുന്നപക്ഷം രാമകുമാരൻ നിങ്ങളെ ബഹുമാനിയ്ക്കുകയില്ല. രാമകുമാരന്റെ സഹവാസത്തിനു നിങ്ങൾ ആഗ്രഹിയ്ക്കുന്നില്ലയോ? അയാൾ ഒരു ശുദ്ധ ഹൃദയനാണ്. നല്ല കുട്ടികൾ നിശ്ചയമായും അയാളെ സ്നേഹിയ്ക്കും. രാമകു മാരന്റെ ബാല്യത്തിൽതന്നെ തന്റെ പിതാവു മരിച്ചു പോകയും മാതാവല്ലാതെ മറ്റു രുമില്ലാതിരിയ്ക്കയും ചെയ്തതുകൊണ്ടു വളരെ അരിഷ്ടതയിലുള്ള ഉപജീവിതമാണ് അയാൾക്കുണ്ടായിരുന്നത്. ഒരിടയച്ചെറുക്കൻ എന്നു പറഞ്ഞു് സാധുവായ ഇയാ ളെ ഭാഗ്യവാന്മാരായ പല കുട്ടികളും നിന്ദിയ്ക്കുക പതിവായിരുന്നു. ആ ഭാഗ്യവാന്മാ രായകുട്ടികൾക്കു വാസ്തവത്തിൽ ഭാഗ്യമില്ലായിരുന്നു. അതെല്ലാം അവരുടെ പൂർ വ്വന്മാരുടെ ഭാഗ്യമായിരുന്നു. അവരുടെ പില്ക്കാലങ്ങളിൽ അവർ പലവിധം കഷ്ടത

അനുഭവിയ്ക്കേണ്ടവർതന്നെ. രാമകുമാരന്റെ സ്ഥിതി ആദ്യം വളരെ ദാരിദ്ര്യത്തിലായിരുന്നതിനാൽ മേൽ അയാൾ ഒരു വലിയ ഭാഗ്യവാനായിത്തീരുമെന്ന് ആരും ശങ്കിച്ചില്ല.

രാമകുമാരനും തന്റെ മാതാവ് ശാരദാദേവിയും താമസിച്ചിരുന്നത് ആൾപ്പാർപ്പ് അധികമില്ലാത്ത ഒരു കുഗ്രാമത്തിലായിരുന്നു. നാലുവശവും വലിയമരങ്ങൾ ഇടതൂർന്നു നിന്നിട്ടുള്ള ഒരു ചെറിയ മൈതാനത്തിലായിരുന്നു അവരുടെ ഗൃഹം പണിയിയ്ക്കപ്പെട്ടിരുന്നത്. ഭവനത്തിനു മുൻവശത്തായി ദൂരത്തുള്ള ഒരു പാറക്കൂട്ടം മിക്കവാറും സമയങ്ങളിൽ മഞ്ഞുകൊണ്ടു മൂടപ്പെട്ട് പ്രശോഭിച്ചുകൊണ്ടിരിയ്ക്കും. സൂര്യോദയ സമയങ്ങളിൽ മഞ്ഞയും ചുവപ്പും ഇടകലർന്ന രശ്മികൾ ആ പർവ്വതോപരിഭാഗത്തിലെ ആകാശത്തിൽ ഒരുപോലെ വ്യാപിച്ച് വലിയ വൃക്ഷങ്ങളുടെ മേൽഭാഗങ്ങളെ പ്രകാശിപ്പിക്കുന്നത് അവർക്കൊരു വിശേഷക്കാഴ്ചയായിരുന്നു. ഇവരുടെ ഈ വാസസ്ഥാനം രാമകുമാരന്റെ പിതാവിനാൽ തിരഞ്ഞെടുക്കപ്പെട്ടതായിരുന്നു. ഭർത്താവിന്റെ മരണാനന്തരം ശാരദാദേവിയ്ക്ക് ഈ ഏകാന്തവാസം ഉപേക്ഷിക്കാൻ സമ്മതവും സൌകര്യവുമില്ലായിരുന്നു. തനിയ്ക്ക് ഒരു പ്രധാന ധനമായുണ്ടായിരുന്നത് ബാലനായ രാമകുമാരൻ മാത്രമായിരുന്നു. ഭർത്താവ് കൂടുതലായി യാതൊന്നും ഏൾപ്പിച്ചിട്ടില്ലായിരുന്നു. അദ്ദേഹത്തിന്റെ പെട്ടെന്നുള്ള ദേഹവിയോഗം നിമിത്തം സന്തതിയ്ക്ക് യാതൊന്നും സമ്പാദിച്ചുവെയ്ക്കാൻ സാധിക്കാത്തതായിരുന്നു. ഏതൊരു മനുഷ്യനും തന്റെ അനന്തരാവകാശികൾക്ക് എന്തെങ്കിലും സമ്പാദിച്ചു വയ്ക്കേണ്ടതു് മുഖ്യധർമ്മമായിക്കരുതേണ്ടതാണ്. എന്നാൽ സങ്കടകരമായ സ്ഥിതിയിലുള്ള പലരും ധനവാന്മാരേക്കൾ നല്ലവരായിട്ടുണ്ട പ്രായേണ കണ്ടുവരുമാറുള്ളതു്. ധനവും ഗുണവും ഒന്നു ചേരുന്നകാര്യം വളരെ അസംഭവമായാണിരിയ്ക്കുന്നത്. ഇവർക്കു സഹായത്തിനായി രണ്ടു പശുക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പശുക്കൾക്കു പുല്ലുപറിയ്ക്കുന്നതു് രാമകുമാരന്റെ നിത്യവൃത്തികളിൽ ഒന്നായിരുന്നു. തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളെ രക്ഷിയ്ക്കേണ്ടത് അവരവരുടെ പ്രധാനകടമതന്നെയാണല്ലോ. “ആരുമില്ലാത്തവരെ ദൈവം രക്ഷിയ്ക്കും”എന്നൊരു വിശ്വാസമാണ് ഇവരെ ജീവനോടു കാക്കുന്നതു്. പല ദുർഘടഘട്ടങ്ങളിലും ശാരദാദേവി ശ്രീകൃഷ്ണനെ ധ്യാനിച്ച് പ്രാർത്ഥിയ്ക്കുകയും താമസിയാതെതന്നെ സങ്കടനിവൃത്തിയുണ്ടാകുകയും പതിവായിരുന്നു. ഈ വിധത്തിൽ അവർക്കു ഈശ്വരവിശ്വാസം ദൃഢപ്പെട്ടിരുന്നു. “ദയാനിധിയായ ജഗന്നിയന്താവേ! സാധുവായ എന്നെയും എന്റെ എന്റെ കുട്ടിയേയും രക്ഷിക്കണേ!!” എന്നുള്ള പ്രാർത്ഥന കൂടക്കൂടെ കേൾക്കാമായിരുന്നു. അതങ്ങിനെനില്ക്കട്ടെ!

രാമകുമാരൻ അഞ്ചു വയസ്സുള്ള ഒരു കുട്ടിയായിരിക്കുമ്പോൾ പാഠശാലയിലാക്കപ്പെട്ടു. ഗുരുവായിരുന്നതു് ഒരു ബ്രാഹ്മണനായിരുന്നു. അക്കാലങ്ങളിൽ പണമുള്ള

പലകുട്ടികളും ഗുരുവോടൊന്നിച്ച താമസിയ്ക്കുന്ന പതിവായിരുന്നു ഉണ്ടായിരുന്നതു്. ജാതിയിൽ ഇടയനും ദരിദ്രനും ആയ ഒരു കുട്ടി ഗുരുമഠത്തിൽ കഴിച്ചുകൂട്ടുന്നകാര്യം കുറെ വിഷമമായിത്തന്നെ ഇരുന്നു. ശ്രീകൃഷ്ണഭഗവാൻ ഇടയകുലത്തിൽ വളൎന്നു വളരെവിഖ്യാതനായി ഭവിച്ചതോടുകൂടി ആളുകൾക്കു് ഇടയന്മാരെക്കുറിച്ചുള്ള നിന്ദകുറെ ശമിച്ചു. വിശേഷിച്ചും സാധുവായ രാമകുമാരനിൽ എല്ലാപേൎക്കും ഒരു പ്രത്യേകകാരുണ്യത്തിനു വകയുണ്ടായിരുന്നതുകൊണ്ടു് പഠിപ്പിക്കുന്നകാൎയ്യത്തിൽ ഗുരു വിസംവദിച്ചില്ല. ദിവസേന ഗ്രാമത്തിൽ നിന്നും നാലുമൈലോളം ദൂരം വരുന്ന പാഠശാലയിലേയ്ക്കു് നടന്നുപോയി മടങ്ങിഎത്തിക്കൊണ്ടിരുന്നു. അഞ്ചുവയസ്സുപ്രായമുള്ള ഒരു കുട്ടി വിജനമായസ്ഥലങ്ങളിൽ കൂടി നാലു മൈൽ ദൂരം തനിയെ നടന്നുപോകുന്നകാൎയ്യം വളരെ സങ്കടജനകമായ ഒന്നാണല്ലോ. വഴിയായിട്ടു് ഒരു ഒററയടിപ്പാത മാത്രമാണ് ഉണ്ടായിരുന്നതും. ഇടയ്ക്കിടെ പാറകളും കുഴികളും മുള്ളുകളും ഉള്ളതുകൊണ്ട് വേദനയനുഭവിയ്ക്കാതെ പോകാൻ ആൎക്കും ബുദ്ധിമുട്ടായിരുന്നു. വഴിയെപ്പററി നിശ്ചയമുണ്ടായിരുന്ന മാതാവു് കുട്ടിയുടെ പാദരക്ഷയ്ക്കായി രണ്ടു പാളത്തുണ്ടുകളെ വച്ചുകെട്ടിയാണ് അയച്ചിരുന്നതു്. ആദ്യദിവസങ്ങളിൽ കൂട്ടുണ്ടായിരുന്നതുകൊണ്ടു് സങ്കടം അധികമൊന്നും ഉണ്ടായില്ല. കുമാരന്റെ നിൎഭാഗ്യസ്ഥിതി നിമിത്തം ഒരു ദിവസം സഹപാഠികളെല്ലാവരും അയാളെ ഉപേക്ഷിച്ചു. തനിയെ പോകയാൽ വഴി ദീൎഘമായി തോന്നിത്തുടങ്ങി. വഴിതെററിയോ എന്നുഭയപ്പെട്ടു. ദുഷ്ടജന്തുക്കൾ വരുന്നുണ്ടോ എന്നു ചുററും നോക്കിത്തുടങ്ങി; എങ്കിലും ധൈൎയ്യമവലംബിച്ചു മുന്നോട്ടു വേഗം നടന്നു. വല്ല അനക്കവും കേട്ടാൽ അതെന്താണെന്നു് നിന്നു നല്ലവണ്ണം പരിശോധിച്ചു വീണ്ടും നടക്കും. തന്റെ കഷ്ടതകളെക്കുറിച്ചു് കൂടക്കൂടെ വ്യസനിക്കും. രാമകുമാരന്റെ ഇതുവരെയുമുള്ള ശ്രമങ്ങളെല്ലാം വിജയപൂൎവ്വമായി കലാശിച്ചു. ഉടനെ ദൂരത്തായിട്ടു് ഒരു വൃക്ഷക്കൂട്ടം കണ്ടു. മുൻദിവസത്തെപ്പരിചയംകൊണ്ടു് അതൊരുകാടാണെന്നു നിശ്ചയമുണ്ടായിരുന്നു. സൂൎയ്യരശ്മിഭൂമിയിൽ പതിയ്ക്കാതിരിയ്ക്കത്തക്കവണ്ണം മേൽ ഭാഗം മറയ്ക്കപ്പെട്ടിരുന്നു. ചെറിയമഴയിലും വലിയവേനലിലും നിന്നു് ആരെയും ആ കാടു രക്ഷിച്ചുകൊള്ളും. ആ വിധമായിരുന്നു ഇലകളുടെ ഞെരുക്കം. 'ഈ കൊടുംകാട്ടിലുള്ള എത്രയോ ചെറിയ പുല്ലുകളെപ്പോലും ശരിയായി രക്ഷിയ്ക്കുന്ന ഈശ്വരൻ തന്നെയും രക്ഷിയ്ക്കും' എന്നു് ആദ്യം ഒരു ധൈൎയ്യം രാമകുമാരനു തോന്നി. അതോടുകൂടെത്തന്നെ ദൂരത്തായി ഒരു തോലോരവവും കേട്ടു. രാമകുമാരൻ വിഷണ്ഡനായി. വലിയ മരങ്ങളിൽ ചിലതെല്ലാം മറിഞ്ഞുവീണുതുടങ്ങി. കൊമ്പുകൾ മുറിഞ്ഞു വീഴുന്നു. കുമാരന്റെ ധൈൎയ്യം ഓടി ഒളിച്ചു. സാധു രാമകുമാരൻ നിലത്തു പതിച്ചു. ഏകദേശം ഒരു മണിക്കൂറു കഴിഞ്ഞശേഷമേ രാമകുമാരനു ബോധമുണ്ടായുള്ളു. തൻ കണ്ടതെല്ലാം സ്വപ്നമായിരിയ്ക്കുമോ എന്നു സംശയിച്ചു. തന്റെ ഭവനത്തിന്റെ നടയിലാണു

താൻ കിടക്കുന്നതെന്ന് തനിയ്ക്കപ്പോൾ മനസ്സിലായി. ഇതെന്തുമായം! കുമാരനു ഭയവും ആശ്ചര്യവും ഉണ്ടായി. ശാരദാദേവി ഈ വിവരങ്ങൾ കേട്ട് "ഈശ്വരാ ഇങ്ങിനയോ ഉണ്ടായതു്. പാപിയായ ഇവൾ ഇത്രയ്ക്കെന്തു മഹാപാപമാണു ചെയ്തതു്? സ്വാമീ കരുണാകരാ!" എന്നു വിലപിച്ചിട്ട് അല്പനേരം മൌനമായിരുന്നു. വാടിവിയർത്ത മുഖത്തു് വ്യസനം ഉള്ളടങ്ങിയ ഒരു ചിരിയുണ്ടായി. ഉടൻ എഴിച്ച് "എന്റെ മകനെ ആരാണ് ഇവിടെക്കൊണ്ടാക്കിയതു്? ഈശ്വരാ!" എന്നു വിചാരിച്ചിട്ടു ശാരദാദേവി വീട്ടിനു പുറത്തെല്ലാം പരിശോധിച്ചു. അവിടെക്കണ്ട വലിയ കാൽച്ചുവടുകളെയും ചില അവശിഷ്ടങ്ങളെയും കൊണ്ടു് അതൊരു ആനയായിരിക്കുമെന്നു സങ്കല്പിച്ചു. "ആവൂ ഈശ്വരാ! അങ്ങേയ്ക്കു ഇത്രത്തോളം കരുണയുണ്ടായതു ഭാഗ്യംതന്നെ" എന്നും ഉച്ചരിച്ച് അകത്തുപോയി ചിന്താമഗ്നയായി ഇരുന്നു.
രാമകുമാരനാകട്ടെ! അപ്പോൾക്കഴിഞ്ഞ സകലതും മറന്നു. പഠനം തന്റെ അപ്പോഴത്തെ പ്രധാന കൃത്യമാണെന്ന് അമ്മ പറഞ്ഞിരുന്ന വാചകങ്ങളെത്തന്നെ പല പ്രാവശ്യം വിചാരിച്ചുകഴിഞ്ഞു. പഠിത്തം മതിയാക്കാൻ സൌകര്യം കാത്തുകൊണ്ടിരിയ്ക്കുന്ന നമ്മുടെ ചില ചെറിയ കുട്ടികൾക്ക് ഒരു പാഠമെന്നവണ്ണം രാമകുമാരൻ വ്യാകുലയായിരിയ്ക്കുന്നമാതാവിന്റെ മടിയിൽ ചെന്നു ചാരി നിന്ന് അവരുടെ കൈപിടിച്ചു കുലുക്കി ചിന്തയിൽനിന്നും വിരമിപ്പിച്ചിട്ട് " അമ്മാ! ഞാൻ പള്ളിക്കൂടത്തിൽ പോകട്ടെ! എനിയ്ക്കു് വഴിയിൽ ആരു സഹായമുണ്ട്?" എന്നിങ്ങനെ ചോദിച്ചു. തന്റെ പുത്രന്റെ വിദ്യാഭ്യാസത്തിൽ വളരെ ജാഗരൂകയായിരുന്നെങ്കിലും തന്റെ ഗൃഹജോലികൾ നിമിത്തം ഗത്യന്തരമില്ലായ്കയാൽ ആ പരമഭക്തയായ സതീരത്നം തന്റെ പുത്രനോട്ട് താഴെപ്പറയുംപ്രകാരം പറഞ്ഞു.
മാതാവ് :- രാമകുമാരാ! ഈശ്വരൻതന്നെ നിന്നെ സഹായിക്കട്ടെ! നീ കാട്ടിനു സമീപം ചെന്ന് കൃഷ്ണാ! കൃഷ്ണാ! എന്നു വിളിയ്ക്കുക. അപ്പോൾ കൃഷ്ണൻ വന്ന് നിന്നെ വേണ്ടവിധം സഹായിയ്ക്കും. അവന് സകലതും ചെയ്‌വാൻ ശക്തിയുണ്ട്. അവനു പ്രാപ്തി നിന്നോളംതന്നെ ഉണ്ടായിരിയ്ക്കും. താമരയുടെ വർണ്ണമാണ്; കയ്യിൽ ഒരു ഓടക്കുഴൽ പിടിച്ചിരിയ്ക്കും; തലയിൽ ഒരു മയിൽപ്പീലി ചൂടിയിരിയ്ക്കും; അരയിൽ ഒട്ടുഞാണും, കാലുകളിൽ പാദശരങ്ങളും, കൈകളിൽ ചില കെട്ടുകളും, പുഞ്ചിരിയോടുകൂടിയ നോട്ടങ്ങളും അവന്റെ പ്രത്യേക ലക്ഷണങ്ങളാണ്. അവൻ അവിടെത്തന്നെ എന്നും ഉണ്ടായിരിയ്ക്കും. ആവശ്യപ്പെടുമ്പോഴെല്ലാം വിളിച്ചാൽ കൂടെവരും. സന്തോഷമായിപ്പോകു!
മാതാവിന്റെ ഇപ്രകാരമുള്ള ശാസനകളെക്കേട്ടിട്ട് യാതൊരു സംശയവും കൂടാതെ രാമകുമാരൻ യാത്രയാരംഭിച്ചു. കാട്ടു സമീപിച്ച ഉടനെതന്നെ കൃഷ്ണനെ വിളിച്ചു തുടങ്ങി.
നിസ്സഹായനായ ഒരു ചെറിയ കുട്ടി; പ്രായമോ? അഞ്ചുവയസ്സ്. നില്ക്കുന്നതു വലി

യൊരു കാട്ടിൽ. കറുത്തു കൃശമായ ശരീരം. ദേഹത്തിൽ ആഭരണങ്ങൾ യാതൊന്നമില്ല. ചെറിയ ഒരു തോർത്തു് ഉടുത്തിട്ടുണ്ടു്. കയ്യിൽ ചെറിയ ഗ്രന്ഥക്കെട്ടു പിടിച്ചു് ഭസ്മക്കുറികളും ഇട്ടു് മനോഹരനായ ഒരു കുട്ടി. ഇയാളെ ആരാണു സഹായിയ്ക്കാത്തതു്? നിശ്ചയമായും എല്ലാപേരും സഹായിയ്ക്കുമെന്നുള്ളതു് മേലുള്ള സംഗതികൾകൊണ്ടു് ഗ്രഹിക്കാം.

കാട്ടിൽച്ചെന്നാൽ കൃഷ്ണനെക്കാണാമെന്നു പറഞ്ഞതു് വിശ്വസിച്ച രാമകുമാരനെ ഭ്രാന്തനെന്നു് നിങ്ങൾ വിചാരിക്കുമായിരിയ്ക്കും. എന്നാൽ രാമകുമാരൻ ഭ്രാന്തനല്ല. മാതാവിൽ വളരെ ഭക്തിയുള്ള ഒരു ഉത്തമബാലനാണ്. തന്റെ മാതാവിന്റെ വാക്കിൽ രാമകുമാരനു് പ്രത്യേകമൊരു വിശ്വാസമുണ്ടായിരുന്നു. കൃഷ്ണന്റെ കൂട്ടുണ്ടാകുമെന്നുള്ള സന്തോഷത്തോടുകൂടി കുമാരൻ താമസംകൂടാതെ കാട്ടിലെത്തി കൃഷ്ണാ! കൃഷ്ണാ!! എന്നു വിളിച്ചു. കൃഷ്ണനെ കണ്ടില്ല. "അമ്മ പറഞ്ഞിട്ടാണ് വന്നു വിളിക്കുന്നതു്" എന്നുംകൂടി ചേർത്തു് വീണ്ടും വിളിച്ചു. കൃഷ്ണനെക്കണ്ടതേയില്ല.

അപ്പോഴത്തേയ്ക്കു് ആദ്യത്തെപ്പോലെതന്നെ വീണ്ടും ഒരു ഒച്ച കേട്ടു. ഉടൻതന്നെ തനിയ്ക്കു് ആദ്യത്തെ ഭയങ്കര കാര്യങ്ങളുടെ ഓർമ്മയുണ്ടായി. രാമകുമാരൻ വീണ്ടും ബോധംകെട്ടു നിലത്തു പതിച്ചു.

"സ്വാമിൻ സാധുരക്ഷ ചെയ്യുന്നതു് ഈ വിധമാണോ? അതോ പരീക്ഷിയ്ക്കുന്നോ? സാധുവായ രാമകുമാരനെ രക്ഷിയ്ക്കണേ!"

കുമാരന്റെ ബോധക്കേടിൽ ഒരു സ്വപ്നമുണ്ടായതുപോലെ തോന്നി. തന്റെ മാതാവിന്റെ വാക്കുകളെ ഒന്നുകൂടെ കേൾക്കുന്നു. കൃഷ്ണന്റെ സ്വരൂപം മനസ്സിൽ ഉദിയ്ക്കുന്നു. അമ്മ പറഞ്ഞ വിധമുള്ള ഒരു കൃഷ്ണൻ രാമകുമാരന്റെ മനസ്സിൽ വിളയാടിത്തുടങ്ങി. ഓടക്കുഴൽവിളി കേട്ടു തുടങ്ങി. ഉടൻതന്നെ ബോധവുമുണ്ടായി. കണ്ണുതുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച വിസ്മയനീയമായിരുന്നു. ഒരു ദിവ്യവിഗ്രഹം മുൻപിൽ പ്രകാശിയ്ക്കുന്നുണ്ടു്. വലിപ്പം, ആകൃതിവിശേഷം മുതലായവ തന്റെ അമ്മ പറഞ്ഞവ തന്നെ. ഉരുണ്ടുതടിച്ച ചെറിയ ശരീരവും, മനോഹരമായ പുഞ്ചിരിയും, മയില്പ്പീലിയും മറ്റും കണ്ട് രാമകുമാരൻ മതിമറന്നുപോയി. എന്തിനേറെപ്പറയുന്നു? അവർ രണ്ടുപേരും സാക്ഷാൽ രാമകൃഷ്ണന്മാരായി വിളങ്ങി.

കൃഷ്ണനെക്കണ്ടതുമുതൽ രാമന്റെ ഭാവം മാറി. കുമാരനുതന്നെ എന്തും ചെയ്യുന്നതിനു ശക്തിയുണ്ടെന്നു തോന്നിത്തുടങ്ങി. താൻ നിമിഷനേരംകൊണ്ട് വലിയവനായിപ്പോയിയെന്ന് വിചാരിപ്പാൻ സംഗതിയുണ്ടായി. അത് അഹങ്കാരംകൊണ്ടുള്ള വിചാരമല്ല. വാസ്തവത്തിൽ രാമകുമാരൻ ആകൃതിയിലും പ്രകൃതിയിലും വ്യത്യാസമായി കാണപ്പെട്ടു.

കാടുകടക്കുന്നത് അവർക്കൊരു നിസ്സാരസംഗതിയായിത്തീർന്നു. വഴിയ്ക്കു് കൃഷ്ണൻ രാമനു ചില പുരാണകഥകൾ പറഞ്ഞുകൊടുത്തു. അല്പസമയംകൊണ്ടു തന്നെ

അവർ തമ്മിൽ രണ്ടെന്ന വിചാരമില്ലാതെ സ്നേഹിച്ചു. മാതാവിന്റെ ഉപദേശപ്രകാരം തനിയ്ക്കു ലഭിച്ച കൂട്ടുകാരനാകയാൽ രാമമകുമാരന് കൃഷ്ണന്റെ മേൽ വിശ്വാസം ഇത്രയെന്നു ഗണിയ്ക്കാൻ പാടില്ലാതായിത്തീർന്നു. വാസ്തവസ്നേഹിതന്മാരുടെ നില അങ്ങിനെതന്നെയാണ് ഇരിയ്ക്കേണ്ടതും. കൂട്ടുകാരനെ കൊണ്ടാക്കുന്നതിലും വിളിയ്ക്കുമ്പോൾ പ്രത്യക്ഷമാകുന്നതിലും കൃഷ്ണന്റെ ശുഷ്കാന്തിയും അളവില്ലാത്തതായിത്തീർന്നു.

ഇതൊരു വെറും കെട്ടുകഥയാണെന്ന് ആരും തെറ്റിദ്ധരിയ്ക്കരുത്. പരിശുദ്ധാത്മാക്കളായ പലരുടേയും അനുഭവങ്ങൾ ഇതിനെ സാക്ഷീകരിക്കുന്നതാണ്. രാമകുമാരന്റെ മനശ്ശുദ്ധി അയാൾക്കു ശ്രീകൃഷ്ണനെ നൾകി. ഇതുകൊണ്ട് നല്ല മനസ്സിന്റെ പ്രാധാന്യം എല്ലാപേരും വിചാരിയ്ക്കേണ്ടതാണ്. രാമകുമാരന് ഇതൊരു വിശേഷമാണെന്നു തോന്നിയതേയില്ല. അയാളുടെ ബുദ്ധിയ്ക്കു കൃഷ്ണൻ ഒരു സ്നേഹിതൻ എന്നു മാത്രമേ തോന്നിയുള്ളു. കൂട്ടുകാരിൽ ചിലരോടു സംസാരിയ്ക്കുമ്പോൾ കൂടക്കൂടെ കാട്ടിലെ കൃഷ്ണന്റെ കാര്യത്തെപ്പററിയും സംസാരിയ്ക്കുക പതിവായിരുന്നു. അവരാരും അതിനെ അത്ര ഗണിച്ചതേയില്ല.

ഒരിയ്ക്കൽ തന്റെ ഗുരുമഠത്തിൽ ഒരു കല്യാണമുണ്ടായി. അതിന് ഗുരുവിന്റെ ശിഷ്യന്മാരിൽ ഓരോരുത്തനും യഥാശക്തി ഓരോവസ്തുക്കൾ ഗുരുവിനു കാഴ്ചവച്ചു. പ്രഭുക്കന്മാരുടെയും രാജാക്കന്മാരുടെയും കുട്ടികളായവരുടെ സമ്മാനങ്ങൾ കൊണ്ടുതന്നെ വേണ്ടതു് ഉണ്ടായിക്കഴിഞ്ഞു. എങ്കിലും മററു കുട്ടികളും സമ്മാനങ്ങൾ കാഴ്ചവയ്ക്കുക ഉണ്ടായി. അക്കൂട്ടത്തിൽ നമ്മുടെ സാധുവായ രാമകുമാരന് യാതൊന്നും കൊടുപ്പാനില്ലായിരുന്നു. മാതാവിനോടു ചോദിച്ചതിൽ "കൃഷ്ണനോടു ചോദിച്ചാൽ വല്ലതും കിട്ടും; കൊണ്ടുചെന്നു കൊടുക്കൂ" എന്നായി മറുപടി. കുട്ടി അന്നു ബഹുജാഗ്രതയോടെ കൃഷ്ണനോടു വിവരമുണർത്തിച്ചു. കൃഷ്ണനാകട്ടെ! ഒരു കിണ്ടി നിറയെ പാൽമാത്രം കൊടുത്തയച്ചതേ ഉള്ളു. സാധുവായ രാമകുമാരനിൽ നിന്നും കാഴ്ചദ്രവ്യം ഉണ്ടാകുമെന്നുകൂടി ഗുരുനാഥൻ വിചാരിച്ചിരുന്നില്ല. എന്തിനേറെപ്പറയുന്നു? കാഴ്ചദ്രവ്യത്തിന്റെ വലിപ്പക്കുറവു കൊണ്ടും, കാഴ്ചദ്രവ്യം കൊണ്ടുവന്നവനെപ്പററിയുള്ള അവജ്ഞ കൊണ്ടും രാമകുമാരൻ വളരെ നേരം കാത്തുനില്ക്കേണ്ടിവന്നു. ശിഷ്യന്മാരുടെ കൂട്ടം ശമിച്ച ഉടൻ ഗുരു രാമകുമാരനെ കണ്ടുകൂടി. ഗുരുവിന്റെ ആജ്ഞപ്രകാരം ഒരാൾ കിണ്ടിയുംപാലുമായി വാങ്ങി പാൽ പാത്രത്തിലേയ്ക്കു പകർന്നു. ആ വലിയപാത്രം നിറഞ്ഞുകഴിഞ്ഞിട്ടും പാൽകിണ്ടിയിൽ നിറയെക്കണ്ടു. അയാൾ അല്പം അതിശയിച്ചു. മറെറാരുപാത്രം കൂടെക്കൊണ്ടുവന്നു പാൽ നിറച്ചു. വീണ്ടും പാൽ ശേഷിച്ചു. അയാൾ വളരെ അതിശയിച്ചു. ശിഷ്യന്റെ സമ്മാനം വാങ്ങാതെ അയയ്ക്കുന്നതു് അനുചിതമാകയാൽ, മറെറാരു പാത്രത്തിൽ നിറയ്ക്കാൻ ശ്രമിച്ചു. എന്നുവേണ്ട അവിടെയുണ്ടായിരുന്നതും കൊണ്ടുവന്നതുമായ സകല പാത്രവും നി

റഞ്ഞതിനു ശേഷവും പാൽ കിണ്ടിയിൽ നിറയെ ഉണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്ന സകലരും വിസ്മയിച്ചുപോയി. ഗുരു രാമകുമാരനെ സമീപത്തു വിളിച്ചുവരുത്തി കാരണം ചോദിച്ചു. കാരണമറിവാൻ പാടില്ലാതെ താനും അതിശയിച്ചിരിയ്ക്കുകയാൽ എന്തു പറയണമെന്നറിയാതെ രാമകുമാരൻ കുഴങ്ങി.

ഗുരു :- ഇതെവിടെനിന്നു കൊണ്ടുവന്നു?

കുമാരൻ :- കൃഷ്ണൻ തന്നതാണ്.

ഗുരു :- ഏതു കൃഷ്ണൻ?

കുമാരൻ :- എന്റെ കൂട്ടുകാരൻ കൃഷ്ണൻ.

ഗുരു :- കൂട്ടുകാരനോ? അവനെവിടെത്താമസം?

കുമാരൻ :- ഞാൻ ഇവിടത്തേയ്ക്കുവരുന്ന വഴിയിൽ ഒരു കൊടുങ്കാടുണ്ട്. അവിടെയാണു കൃഷ്ണന്റെ താമസം. എനിയ്ക്കു കൃഷ്ണനാണു ദിവസവും കൂട്ടുവരുന്നത്.

ഗുരു ഈ കഥകൾകേട്ടു വളരെ സന്തോഷാതിശയങ്ങൾ കയ്ക്കൊണ്ടു. ഗുരു:- നിന്റെ കൃഷ്ണനെ എന്നെയൊന്നു കാണിച്ചു തരുമോ?

കുമാരൻ:- കാണിച്ചുതരാം; എന്നോടുകൂടി വരണം.

ഉടനെ അവർ രണ്ടുപേരുമായി തിരിച്ചു. മുൻപറഞ്ഞ കാട്ടിൽചെന്ന് കുട്ടി കൃഷ്ണനെ വിളിച്ചു; കാണ്മാനില്ല. വളരെ വിഷാദിച്ചു; വീണ്ടും വിളിച്ചു; വന്നില്ല.

കുമാരൻ:- "കൃഷ്ണാ! എന്നെ ചതിയ്ക്കുകയാണോ? ഞാനും എന്റെ ഗുരുനാഥനുമായി നിന്നെക്കാണ്മാൻ വന്നിരിയ്ക്കുകയാണ്. വേഗം വരണേ!

കൃഷ്ണൻ:- (അപ്രത്യക്ഷനായി നിന്നു കൊണ്ടു്) നിന്റെ ഗുരുവിന് കാണാനുള്ള യോഗം ഒരു് അഞ്ചു ജന്മം കഴിഞ്ഞിട്ടേ ഉണ്ടാകുകയുള്ളൂ. അതിനാൽ ആവശ്യമില്ലാത്തതു വിചാരിച്ചു വ്യസനിയ്ക്കേണ്ട. നീമാത്രമുള്ളപ്പോൾ വന്നു കണ്ടുകൊള്ളാം.

ഗുരു ഈ മറുപടി കേട്ടു വളരെ വിഷാദാശ്ചര്യങ്ങളോടുകൂടി രാമകുമാരന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു; തന്റെ ശിഷ്യനെത്തന്നെ തന്റെ ഗുരുവായി വരിച്ചു.

ഗുരു:- അല്ലയോ രാമകുമാരാ! അങ്ങുതന്നെ ഭാഗ്യവാൻ. അങ്ങ് എനെ ഗുരുവായി വരിച്ചിരുന്നുവെങ്കിലും അത്യുൽകൃഷ്ടമായ മറ്റൊന്നിന് ഞാൻ അങ്ങയുടെ ശിഷ്യനായി ഭവിച്ചിരിക്കുന്നു. മനുഷ്യനു വിദ്യാഭ്യാസാദികൾ ഉണ്ടാകുന്നത്, സത്യമായും ഉൽകൃഷ്ടമായും ഉള്ളതു് ഇന്നതെന്നറിഞ്ഞു സേവിയ്ക്കുന്നതിലേക്കുമാത്രമാണ്. അങ്ങയെപ്പോലെയുള്ള ശ്രേഷ്ഠപുരുഷന്മാർക്ക് അക്ഷരവിദ്യ സ്വതേലഭിച്ചിട്ടുള്ളതിനാൽ അക്ഷരവിദ്യ പ്രത്യേകം ആവശ്യമില്ല. അക്ഷരമെന്നാൽ നാശമില്ലാത്തതു്; നാശമില്ലാത്തവിദ്യ അക്ഷരം പഠിക്കുന്ന വിദ്യയല്ല; നാശമില്ലാത്തവനായ ഈശ്വരനെ അറിയുന്ന വിദ്യയാണ്. ആ വിദ്യയ്ക്കാധാരമായതു് അക്ഷരവിദ്യയായതുകൊണ്ടാണ് മനുഷ്യർ വിദ്യാഭ്യാസം ചെയ്യുന്നതു്. വിദ്യാഭ്യാസത്തിന്റെ വാസ്തവപ്രയോജനം അതാണ്. അതു് അങ്ങു സാധിച്ചിരിയ്ക്കുന്നു. എനിക്കു വിദ്യാഭ്യാസ

മുണ്ടെന്ന് ഞാൻ തെറ്റായി ധരിച്ചുപോയതിനാലാണ് അങ്ങേ ശിഷ്യനായി സ്വീകരിച്ചതു്. അല്ലയോ ഗുരുനാഥാ! എന്നെ ഹൃദയംഗമമായി അനുഗ്രഹിയ്ക്കേണമേ!
രാമകുമാരൻ മേൽപ്രകാരമുള്ള കൃത്യങ്ങളും സംഭാഷണവും കൊണ്ടു് അത്യധികം വിസ്മയിച്ച ഗുരുവിനെയാത്രയാക്കിയിട്ടു് കൃഷ്ണനുമായി കാടുകഴിഞ്ഞു് മാതാവിനോടു ചെന്നു വിവരങ്ങൾ പറഞ്ഞു.
മാതാവകട്ടെ! ഉണ്ടായ സംഭവങ്ങൾ കേട്ടു് ആശ്ചര്യം, ബഹുമാനം, ഭയം ഈ വികാരങ്ങൾ ഉണ്ടായിട്ടു് പൊട്ടിക്കരഞ്ഞുപോയി. തന്റെ വിശുദ്ധനായ പുത്രനെ വിചാരിച്ച് ആനന്ദിച്ചു. അന്നുമുതൽ അവരുടെ സകല ദുഃഖവും ശമിച്ചു. ദാരിദ്ര്യം അവരുടെ സമീപദേശങ്ങളിൽപ്പോലും എത്തിനോക്കിയതേയില്ല. രാമകുമാരനും കൃഷ്ണനും ശാരദാദേവിയുടെ രണ്ടു സന്താനങ്ങളെന്നവിധം വിളങ്ങിക്കൊണ്ടിരുന്നു. രാമകുമാരന് ശ്രീകൃഷ്ണൻതന്നെ സകലവിദ്യകളേയും അഭ്യസിപ്പിച്ചു. കുമാരന്റെ താമസസ്ഥലത്ത് കാഴ്ചക്കാർ പലരും ചെന്നുകണ്ടു് ഈശ്വരനെ എന്നവണ്ണം ആധിച്ചു. തന്റെ ജീവിതം പരിശുദ്ധ നിലയിൽ കഴിച്ചുകൂട്ടി; ഇതില്പരം ഭാഗ്യം മറ്റെന്താണ് വരാനുള്ളതു്.
ശുഭം

പ്രസാധകർ

താളിളക്കം